മെട്രോ വാർത്ത

20 May 2017



# കിട്ടാനില്ല മത്തി

കൊച്ചി: മത്തിയുടെ ലഭ്യതയിൽ സംസ്ഥാനത്ത് വലിയ ഇടിവുണ്ടായതായി റിപ്പോർട്ട്. രാജ്യത്താകമാനവും കഴിഞ്ഞ നാളുകളിൽ മത്തി ലഭ്യതയിൽ വലിയ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്ന് ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാംസ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ലെ സമുദ്രമത്സ്യ ലഭ്യതയെക്കുറിച്ച്കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സിഎംഎഫ്ആർഐ) പുറത്തുവിട്ട വാർഷിക പഠന റിപ്പോർട്ടിലാണ് സംസ്ഥാനത്ത് മത്തി, അയല ലഭ്യതയിൽ വൻതോതിൽ കുറവുണ്ടായതായി കണ്ടെത്തിയിരിക്കുന്നത്.

1998 നു ശേഷം കേരളത്തിൽ മത്തി ഇത്രയും കുറയുന്നത് ഇതാദ്യം. മുൻവർഷത്തേക്കാൾ 32.8 ശതമാനം കുറഞ്ഞ് 45,958 ടൺ മത്തിയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. 2015ൽ ഇത് 68,431 ആയിരുന്നു. 2012 ൽ 3.9 ലക്ഷം ടൺ മത്തി സംസ്ഥാനത്തു ലഭിച്ചിരുന്നു. ഇതിനുശേഷം ഓരോവർഷവും മത്തിയുടെ ലഭ്യത കുറഞ്ഞു വരുകയാണ്. മാത്രമല്ല, 2015 നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം അയലയുടെ ലഭ്യതയിൽ 33 ശതമാനം കുറവുണ്ടായതായി സിഎംഎഫ്ആർഐയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞ വർഷം സംസ്ഥാനത്തിനു ലഭിച്ചത്.

കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ചത് തിരിയാൻ മത്സ്യമാണ്. ഇത് കൂടുതലും വളം, തീറ്റ എന്നീ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചു വരുന്നത്. രണ്ടാം സ്ഥാനത്ത് അയലയാണ്. മത്തിയും അയലയും കഴിഞ്ഞാൽ സാധാരണയായി കൂടുതൽ കാണപ്പെടുന്ന കിളിമീനിന്റെ ലഭ്യതയിലും ഇത്തവണ കുറഞ്ഞു.

മത്സ്യലഭ്യതയിൽ സംസ്ഥാനം ആദ്യമായാണ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. 2013 മുതൽ കേരളത്തിന് ഒന്നാംസ്ഥാനം നഷ്ടമായിരുന്നു. ഗുജറാത്ത് തന്നെയാണ് തുടർച്ചയായി നാലാം വർഷവും ഒന്നാം സ്ഥാനത്തുള്ളത് (7.74 ലക്ഷം ടൺ). തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

എന്നാൽ, കേരളത്തിന്റെ മത്സ്യലഭ്യതയിൽ മുൻവർഷത്തേക്കാൾ 8 ശതമാനം വർധനയുണ്ടായിട്ടുണ്ട്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016ൽ കേരളതീരത്ത് ലഭിച്ചത്. 2015 ൽ ഇത് 4.82 ലക്ഷം ടൺ ആയിരുന്നു.

രാജ്യത്തെ മൊത്തം മീൻപിടുത്ത കേന്ദ്രങ്ങളിൽനിന്ന് മത്സ്യബന്ധനത്തിലൂടെ 48,381കോടി രൂപയാണ് കഴിഞ്ഞ വർഷം ലഭിച്ചത്; മുൻവർഷത്തെ അപേക്ഷിച്ച് 20.6ശതമാനം വർധന. ചില്ലറ മത്സ്യവ്യാപാര കേന്ദ്രങ്ങളിൽ ഇത് 73,289കോടി രൂപയാണ്. മത്സ്യലഭ്യതയിൽ വർധനയുണ്ടായെങ്കിലും കേരളത്തിൽ ചില്ലറ മത്സ്യ വ്യാപാര കേന്ദ്രങ്ങളിൽ മത്സ്യവിലയുടെ മൂല്യം മുൻവർഷത്തെ അപേക്ഷിച്ച് 18.09ശതമാനം കുറഞ്ഞതായും സിഎംഎഫ്ആർഐ പഠനം ചൂണ്ടിക്കാട്ടുന്നു.

2012 വരെ ഏറെക്കാലം ലഭ്യതയിൽ ഒന്നാംസ്ഥാനത്തായിരുന്ന മത്തി ഇത്തവണ കേരളത്തിൽ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക നേട്ടമുണ്ടാക്കിക്കൊടുക്കുന്ന മത്സ്യമാണിത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള മീനാണിത്. കേരളത്തിൽ മത്തിയുടെ ലഭ്യത കുറഞ്ഞതിനാൽ വിപണിയിലെ ആവശ്യം നിറവേറ്റുന്നതിനായി തമിഴ്നാട്ടിൽ നിന്നാണ് കേരളത്തിലേക്ക് ഏറ്റവും കൂടുതൽ മത്തി എത്തുന്നതെന്ന് സിഎംഎഫ്ആർഐ മുൻപ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. സിഎംഎഫ്ആർഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗമാണ് റിപ്പോർട്ട് തയാറാക്കിയത്.

## ഇന്ത്യയിൽ അയല ഒന്നാമത്

കേരളത്തിൽ കുറഞ്ഞെങ്കിലും രാജ്യത്ത് മൊത്തത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച മീൻ അയല. മൊത്തം 2.49 ലക്ഷം ടൺ അയലയാണ് കഴിഞ്ഞ വർഷം ഇന്ത്യയിൽ പിടിച്ചത്. കർണാടകയാണ് അയല അയല ലഭ്യതയിൽ ഏറ്റവും മുന്നിൽ.

ഇന്ത്യയിൽ മൊത്തമായികഴിഞ്ഞ വർഷത്തെ സമുദ്രമത്സ്യ ലഭ്യത 3. 63 ദശലക്ഷം ടൺ ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 6.6 ശതമാനം വർധന ഉണ്ടായിട്ടുണ്ട്. ബംഗാളികളുടെ പ്രിയമത്സ്യമായ ഹിൽസ വൻതോതിൽ വർധിച്ചതിനാൽ ബംഗാളിൽ മീൻലഭ്യത ഏതാണ്ട് ഇരട്ടിയായിവർധിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുള്ള പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധന ദിനങ്ങൾ കുറഞ്ഞതിനാൽ ആന്ധ്ര പ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ മത്സ്യ ലഭ്യത ഗണ്യമായി കുറഞ്ഞതായും സിഎംഎഫ്ആർഐയുടെ റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

## കേരളത്തിന്റെ സ്വന്തം പുള്ളി അയല

സിഎംഎഫ്ആർഐ കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ പുള്ളി അയല കേരള തീരങ്ങളിൽ നിന്ന് മാത്രമാണ് ലഭിച്ചത്. ആയിരം ടൺ പുള്ളി അയല സംസ്ഥാനത്തു കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി. തെക്കൻ കേരളത്തിലാണ് ഇവ കൂടുതലും ലഭിച്ചത്.